# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 749** — **08.01.2014 ൽ മറുപടിക്ക്**

**സ്റ്റാഫ് പാറ്റേൺ പുനർ നിർണ്ണയം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | 1961 ന് ശേഷം സർക്കാർ ആശുപത്രികളിലെ മെഡിക്കൽ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. സാമൂഹികാരോഗ്യകേന്ദ്രം, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ജില്ല/ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവിടങ്ങളിലെ ഡോക്ടർ മാരുടെയും മൂന്ന് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ള ആശുപത്രികളിലെ സ്റ്റാഫ് നഴ്സുമാരുടെയും സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിനു കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാൻഡേർഡൈസേഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രം, 24x7 പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യകേന്ദ്രം എന്നിവിടങ്ങളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | ആശുപത്രികളിൽ ചികിൽസയ്ക്കെത്തുന്ന രോഗികളുടെ എണ്ണത്തോടൊപ്പം, അവിടെ ആരംഭിച്ചിട്ടുള്ള ഐ.സി.യു സംവിധാനം, സ്കാനിംഗ്, ഓപ്പറേഷൻ തീയേറ്ററുകൾ തുടങ്ങിയ പുതിയ ചികിൽസാ യൂണിറ്റുകൾ കൂടി കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പുനർ നിർണ്ണയം ചെയ്യേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | സ്റ്റാഫ് പാറ്റേൺ പുനർ നിർണ്ണയം ചെയ്യാൻ എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ, ആരംഭിക്കുമോ; വിശദമാക്കുമോ? | (സി) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ